(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ഉദ്യോഗാർത്ഥികൾക്ക് ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം തൊഴിൽ നൽകിയിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും വകുപ്പ് മേധാവികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവരും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ ഉദ്യോഗാർത്ഥികളെ നിയമിക്കാതെ കരാർ വ്യവസ്ഥയിലും ദിവസവേതനത്തിലും നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 31-10-2003 വരെയുള്ള സ്ഥിതിവിവരക്കണക്കനുസരിച്ച് 3,906,641 തൊഴിൽ രഹിതർ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2003 വരെ 1,228,252 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29887 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം തൊഴിൽ നൽകിയിട്ടുണ്ട്.

(ഡി ആന്റ് ഇ) സംസ്ഥാനത്തെ ചില വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ കരാർ വ്യവസ്ഥയിലും ദിവസവേതനത്തിലും നിയമിക്കുന്നതായി പരാതി ലഭിച്ചിരുന്നു. ആയതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ കണക്ക്

50 [482] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർ എത്രയെന്നും, അവരിൽ പുരുഷൻമാർ, സ്ത്രീകൾ, എസ്.എസ്.എൽ.സി. പാസായവർ, ബിരുദധാരികൾ, ബിരുദാനന്തര ബിരുദമുള്ളവർ, നിയമ ബിരുദമുള്ളവർ എന്നിങ്ങനെ തരംതിരിച്ച് ജില്ലകൾ തോറുമുള്ള വിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവർ എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓരോന്നിലും ഓരോ ജോലിക്കും സീനിയോറിറ്റി അനുസരിച്ച് എന്നുവരെ രജിസ്റ്റർ ചെയ്തവരെ ഇതേവരെ പരിഗണിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) സംസ്ഥാനത്ത് 387370 പേർ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	71648
കൊല്ലം	..	61329
ആലപ്പുഴ	..	55258
പത്തനംതിട്ട	..	12976
കോട്ടയം	..	28209
ഇടുക്കി	..	13261
എറണാകുളം	..	24323
തൃശ്ശൂർ	..	20104
പാലക്കാട്	..	11818
മലപ്പുറം	..	21472
കോഴിക്കോട്	..	39899
വയനാട്	..	3996
കണ്ണൂർ	..	15623
കാസർഗോഡ്	..	7454
ആകെ	..	387370

(സി) വിവരം ശേഖരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly